**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **20-06-2024 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിലെ രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നു വരെയുള്ള ശമ്പളം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര കുടിശ്ശികയുണ്ടെന്നും വിശദമാക്കുമോ; | (എ) | |

| ക്രമ നം | ജില്ല | മറുപടി |
|---|---|---|
| 1 | തിരുവനന്തപുരം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മെയ് മാസത്തെ വേതനം നല്കാനുണ്ട്. |
| 2 | കൊല്ലം | 2024 മാർച്ച് മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. നിലവിൽ 15,37,920/-രൂപ കുടിശ്ശിക ഉണ്ട്. |
| 3 | ആലപ്പുഴ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മെയ് മാസത്തെ വേതനം നല്കുവാനുണ്ട്. 3,97,980/- രൂപ കുടിശ്ശിക ഉണ്ട് |
| 4 | കോട്ടയം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മെയ് മാസത്തെ വേതനം നല്കുവാനുണ്ട്. |
| 5 | പത്തനംതിട്ട | 2024 ഫെബ്രുവരി മാസം വരെയുള്ള ശമ്പളം മാറി നൽകിയിട്ടുണ്ട്. മാർച്ച് മാസത്തിലെ ശമ്പള കുടിശ്ശിക നല്കുവാനുണ്ട്. |
| 6 | ഇടുക്കി | രാത്രികാല താത്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടില്ല. കുടിശ്ശിക ഇല്ല. |
| 7 | എറണാകുളം | 31/03/2024 വരെ വെറ്ററിനറി ഡോക്ടറുടെ വേതനവും 30/04/2024 വരെ ഡ്രൈവർ കം അറ്റൻഡറുടെ വേതനവും |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. 31/05/2024 വരെ വേതനയിനത്തിൽ 9,81,813/-രൂപ കുടിശ്ശികയുണ്ട്. |
| 8 | തൃശ്ശൂർ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മെയ് മാസത്തെ വേതനം നല്കുവാനുണ്ട്. |
| 9 | പാലക്കാട് | രാത്രികാല താത്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടില്ല. കുടിശ്ശിക ഇല്ല. |
| 10 | വയനാട് | ഇല്ല |
| 11 | മലപ്പുറം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മെയ് മാസത്തെ വേതനം നല്കുവാനുണ്ട്. |
| 12 | കോഴിക്കോട് | ഉണ്ട്. 2024 ഏപ്രിൽ വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. കൊടുവള്ളി ബ്ലോക്കിൽ ഫെബ്രുവരി 2024 വരെയുള്ള ശമ്പളം മാത്രമേ നൽകിയിട്ടുള്ളൂ. നിലവിൽ കുടിശ്ശിക 5,74,280/-രൂപയാണ്. |
| 13 | കണ്ണൂർ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. |
| 14 | കാസർഗോഡ് | 2024 മെയ് മാസം വരെ കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, മഞ്ചേശ്വരം എന്നീ 4 ബ്ലോക്കുകളിൽ ശമ്പളം നൽകിയിട്ടുണ്ട്. കാറഡുക്ക ബ്ലോക്കിൽ 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയും, 16,841/-രൂപ കുടിശ്ശികയും നല്കുവാനുണ്ട്. പരപ്പ ബ്ലോക്കിൽ 2024 ഏപ്രിൽ, മെയ് മാസം വരെ ശമ്പളം നൽകിയും, 58,143/-രൂപ കുടിശ്ശികയും നല്കുവാനുണ്ട്. |
| ആകെ കുടിശ്ശിക | | 35,66,977/- രൂപ |

| | | | |
|---|---|---|---|
| (ബി) | താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം തടസ്സപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; 2023-24 സാമ്പത്തിക വർഷത്തിലും നടപ്പ | (ബി) | ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായതിരുന്നതിനാലാണ് താത്കാലിക ജീവനക്കാരുടെ ശമ്പള വിതരണം പൂർണ്ണമായി കൊടുത്തു തീർക്കാൻ കഴിയാത്തത്. |

| | | | |
|---|---|---|---|
| | സാമ്പത്തിക വർഷത്തിലും ഇവരുടെ ശമ്പള വിതരണത്തിനായി ആകെ എത്ര തുകയാണ് വകുപ്പ് ആവശ്യപ്പെട്ടതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും അറിയിക്കുമോ; | | രാത്രികാല അടിയന്തിര മൃഗ ചികിത്സ പദ്ധതി, മൃഗ സംരക്ഷണ വകുപ്പിന്റെ `വാസ സ്ഥലങ്ങളിൽ വീട്ടു പടിക്കൽ മൃഗ ചികിത്സ സേവനം' എന്ന പദ്ധതിയിലെ ഘടകമാണ്. 2403-00-101-71 (പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിലാണ് പ്രസ്തുത പദ്ധതിയ്ക്ക് തുക വകയിരുത്തി വരുന്നത്.<br><br>2023 - 24 സാമ്പത്തിക വർഷം രാത്രികാല അടിയന്തിര മൃഗ ചികിത്സ പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പള വിതരണത്തിന് മൃഗ സംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടത് 15.61 കോടി രൂപയും ശമ്പള വിതരണത്തിന് ബഡ്ജറ്റിൽ അനുവദിച്ചത് 15 കോടി രൂപയുമാണ്.<br><br>2024 - 25 സാമ്പത്തിക വർഷം രാത്രികാല അടിയന്തിര മൃഗ ചികിത്സ പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പള വിതരണത്തിന് മൃഗ സംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടത് 16 കോടി രൂപയും ശമ്പള വിതരണത്തിന് ബഡ്ജറ്റിൽ അനുവദിച്ചത് 13.0044 കോടി രൂപയുമാണ്. |
| (സി) | താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണത്തിനുള്ള അലോട്ട്മെന്റ് തുകയിൽ നിന്നും എത്ര തുകയാണ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പെ തന്നെ സറണ്ടർ ചെയ്ത് തിരികെ നൽകേണ്ടി വന്നതെന്നും ഇതിനായുള്ള നിർദ്ദേശം നൽകിയത് ആരാണെന്നും വ്യക്തമാക്കാമോ; മൃഗസംരക്ഷണ വകുപ്പിലെ രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പളവിതരണം അടിയന്തരമായി പൂർത്തിയാക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ? | (സി) | 2403-00-101-71-00-34-03-P-Vഎന്ന ശീർഷകത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം 1,01,57,33,616/- രൂപ എല്ലാ ജില്ലാ ഓഫീസിൽ നിന്നുമായി സറണ്ടർ ചെയ്തിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 04/03/2024 ലെ 13/2024/Fin circular പ്രകാരം ടി ഓഫീസിൽ നിന്നും എല്ലാ ജില്ലാ ഓഫീസിലേയ്ക്കുമായി നിർദേശം നൽകിയതിൻ പ്രകാരമാണ് സറണ്ടർ ചെയ്തത്. സാമ്പത്തിക വർഷാവസാനം തന്നെ ബാക്കി തുക BAMS സോഫ്റ്റ്വെയറിൽ സറണ്ടർ ചെയ്തില്ലെങ്കിൽ പിന്നീട് സറണ്ടർ ചെയ്യാൻ സാധിക്കില്ല.<br><br>മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ AHD/2729/2024/B5 ഓർഡർ പ്രകാരം രാത്രികാല സേവനങ്ങൾക്കായി കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 6 മാസത്തേക്കുള്ള ശമ്പളത്തിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ